GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/06/2026

1. തിരുവനന്തപുരം ജില്ല അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ വർഷങ്ങളായി തരിശു കിടക്കുന്ന 125 ഏക്കർ പള്ളിപ്പുറം പാടശേഖരം കൃഷിയോഗ്യമാക്കി നെൽകൃഷിയിറക്കുന്നു. ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ, പാടശേഖരസമിതി എന്നിവരുടെ സംയുക്ത പ്രയത്ന ഫലമായി "പള്ളിപ്പുറം പാടശേഖരം പുനഃരുജ്ജീവനം തരിശു നെൽകൃഷി വിതയുത്സവത്തിന്റെ " ഉദ്ഘാടനം എം.എൽ.എ അഡ്വ.ജി.ആർ അനിലിന്റെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി അഡ്വ.റ്റി.സിദ്ദിഖ് ഇന്ന് (25/06/2026) രാവിലെ 09.00 മണിക്ക് നിർവഹിക്കുന്നു.

2. “ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ചാത്തന്നൂർ ബ്ലോക്കിന് കീഴിലുള്ള

ചാത്തന്നൂർ, ആദിച്ചനെല്ലൂർ, ചിറക്കര കല്ലുവാതുക്കൽ, നെടുമ്പന, പരവൂർ, പൂതക്കുളം എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 10 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് ചാത്തന്നൂർ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീവത്സ പി ശ്രീനിവാസൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470349 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം ഓണക്കാലത്ത് വിളവെടുക്കുന്നതിനായി ചെണ്ട് മല്ലി തൈകൾ പുനലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന പത്തനാപുരം, പിറവന്തൂർ, വിളക്കുടി, തലവൂർ, പട്ടാഴി, പട്ടാഴി വടക്ക്, പുനലൂർ എന്നീ കൃഷി ഭവനുകളിൽ നിന്ന് സൗജന്യമായി വിതരണം ചെയ്യുന്നതാണെന്ന് പുനലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ രതീഷ് പി.ആർ അറിയിച്ചു.

4. കേരള കാർഷിക സർവകലാശാലയുടെ സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT) വെള്ളായണിയുടെ ആഭിമുഖ്യത്തിൽ “വാണിജ്യ പ്രാധാന്യമുള്ള പുഷ്പങ്ങളുടെ കൃഷിയെ” കുറിച്ച് ജൂൺ 27ന് രാവിലെ 9.30 മണി മുതൽ 4 മണി വരെ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തി

ദിവസങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് caittvellayani@kau.in

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ ജൈവരോഗ കീടനിയന്ത്രണ സൂക്ഷ്മാണുക്കളും ജീവാണുവളങ്ങളും വ്യാപകമായി ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറായിരിക്കുന്നു. രോഗനിയന്ത്രണത്തിന് സൂക്ഷ്മാണുക്കളായ സ്യൂഡോമോണാസ് ഫ്ലൂറസൻസ്, ട്രൈക്കോഡർമ വിരിഡെ എന്നിവ പൊടി രൂപത്തിലും ദ്രാവക രൂപത്തിലും ലഭ്യമാണ്. കീടനിയന്ത്രണോപാധികളായ ബ്യൂവേറിയ ബാസിയാന, ലെക്കാനിസിലിയം ലെക്കാനി, മെറ്റാറൈസിയം, പേസിലോമൈസസ് തുടങ്ങിയവ ലഭ്യമാണ്. ജീവാണുവളങ്ങളായ മൈക്കോറൈസ, ഫോസ്ഫറസ് ജീവാണുവളം, അസോസ്പൈറില്ലം എന്നിവയും ജൈവകീട രോഗ നിയന്ത്രണ കോമ്പി പായ്ക്കറ്റുകൾ, വെർമികമ്പോസ്റ്റ്, നീം ഗാർലിക് സോപ്പ് എന്നിവയും തയ്യാറാണ്. ആവശ്യക്കാർക്ക് വേണ്ട അളവിൽ പായ്ക്ക് ചെയ്തു നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ബന്ധപ്പെടുക :- ഫോൺ : 9747238532, 0487 2699087.

6. റബ്ബർടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2011–12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ ജൂലൈ മാസം പതിനഞ്ചാം തീയതിക്കു മുമ്പായി അതതു പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ ഈ വർഷത്തെ വിഹിതം അടച്ച് പോളിസി പുതുക്കേണ്ടതാണ്. പദ്ധതി പ്രകാരം ഓരോ അംഗത്തിനും സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടേയും അപകടമരണം സംഭവിച്ചാൽ അഞ്ചു ലക്ഷം വരെ രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. അപേക്ഷാഫോറം ലഭിക്കാത്തവർ അതത് റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481–2301231 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.